
ഗവ. ഹൈസ്ക്കൂൾ റിപ്പൺ
ലിറ്റിൽ കൈറ്റ്സ്
ഇൻഫോഗ്രാഫ്
ഡിജിറ്റൽ മാഗസീൻ 2019 - 2020

***ആശംസ***

ശ്രീമതി. ജസി പെരേര

ഹെഡ്മിസ്ട്രസ്

ഗവ. എച്ച്. എസ്. റിപ്പണിലെ ലിറ്റിൽകൈറ്റ്സ് പ്രവർത്തനങ്ങളുടെ ഭാഗമായി പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസീന് എല്ലാവിധ ആശംസകളും നേരുന്നു.

## എഡിറ്റോറിയൽ ബോർഡ്




മുഹമ്മദ് ദിൽഷാൻ

മുഹമ്മദ് സിനാൻ

ഫിദ ഫാത്തിമ

മുഹ്സിന മുജീബ്

അന്നൈന പർവീൻ

## വിദ്യാലയ ചരിത്രം

ബ്രിട്ടീഷ് അധിനിവേശത്തിന്റെ ചരിത്രങ്ങൾ ഉറങ്ങിക്കിടക്കുന്ന പ്രകൃതിസുന്ദരമായ തേയിലക്കാടുകൾക്കും ദൈന്യതവിളിച്ചോതുന്ന പാടികൾക്കും നടുവിലായി സ്ഥിതിചെയ്യുന്നതാണ് ഗവ. ഹൈസ്കൂൾ റിപ്പൺ. വിളിക്കാതെ കടന്നെത്തുന്ന മാനുകളെയും മയിലുകളെയും കാണുന്ന വിശാലമായ കളിസ്ഥലം വിദ്യാലയത്തിനു പുറകുവശത്ത്. കോടമഞ്ഞിന്റെ തണുത്തകുളിരുകോരിയുള്ള പ്രഭാതങ്ങളും കമ്പിളിക്കുപ്പായങ്ങൾ ധരിച്ചെത്തുന്ന നിഷ്കളങ്കരായ പഠിതാക്കളും. വയനാടിന്റെ മണ്ണിൽ ജീവിതം നയിക്കാൻ വിയർപ്പൊഴുക്കുന്ന സാധാരണ മനുഷ്യർ. അക്ഷരങ്ങളും അറിവും ആയുധമാക്കി മുന്നേറുന്ന ഇവിടുത്തെ പുതുതലമുറ ഈ വിദ്യാലയത്തിന്റെ സമ്പത്താണ്. സാമൂഹികമായും സാമ്പത്തികമായും പിന്നിൽ നിന്നിരുന്ന ഈ പ്രദേശത്തിലെ തലമുറകൾക്ക് ആധുനികവിദ്യാഭ്യാസത്തിന്റെ ദീപം പകർന്നുനൽകിക്കൊണ്ട് ചെറിയ വാഹനങ്ങളും ഒന്നോരണ്ടോ ബസുകളും മാത്രം കടന്നുപോകുന്ന റോഡിനരികിലായി രാജകീയ പ്രൗഢിയോടെ തലയുയർത്തി നിൽക്കുന്നതാണ് ഗവ. ഹൈസ്കൂൾ റിപ്പൺ.

1942 മുതൽ മദ്രാസ് ഗവൺമെന്റിന്റെ കീഴിൽ പോഡാർ പ്ലാന്റേഷൻ നടത്തിവന്നിരുന്ന വിദ്യാലയത്തിൽ ഒന്നുമുതൽ നാല് വരെ ക്ലാസുകളിലായി ഇരുന്നൂറ് വിദ്യാർത്ഥികളും നാല് അധ്യാപകരും ഉണ്ടായിരുന്നു. സാമ്പത്തിക ബാധ്യതയുടെ പേരിൽ എസ്റ്റേറ്റ് ഈ വിദ്യാലയം നിർത്തലാക്കാൻ ആരംഭിച്ചപ്പോൾ 1982 ൽ എം. ഇ. എസ്. ഈ വിദ്യാലയം ഏറ്റെടുത്ത് പ്രവർത്തനമാരംഭിച്ചു. നാട്ടുകാരുടെയും രക്ഷിതാക്കളുടെയും ശ്രമഫലമായി 1991 ജനുവരി 5 ന് കലക്ടർ എക്സ് ഒഫീഷ്യോ മാനേജരായി 5 വർഷത്തേക്ക് വിദ്യാലയം സർക്കാർ ഏറ്റെടുത്തു. റിപ്പൺ എസ്റ്റേറ്റ് സ്കൂൾ എന്ന പേരിൽത്തന്നെ തുടർന്നുവന്നു. അപ്പർ പ്രൈമറി വിദ്യാലയമായി ഉയർത്തണമെങ്കിൽ കളിസ്ഥലം ആവശ്യമായതിനാൽ രക്ഷിതാക്കളുടെയും നാട്ടുകാരുടെയും രാഷ്ട്രീയപ്രവർത്തകരുടെയും പരിശ്രമത്താൽ പോഡാർ പ്ലാന്റേഷൻ മൂന്നരയേക്കർ

സ്ഥലം വിദ്യാലയത്തിന് അനുവദിക്കുകയും ചെയ്തു. 2013 ഫെബ്രുവരി 5 ന് പൂർണ്ണമായും സർക്കാർ യു.പി. വിദ്യാലയമായി അപ്ഗ്രേഡ് ചെയ്ത് ആറാം ക്ലാസ് ആരംഭിക്കുകയും ഗവൺമെന്റ് എൽ. പി. ആന്റ് യു. പി. സ്കൂൾ റിപ്പൺ എന്നായി മാറുകയും ചെയ്തു. ഇരട്ടിമധുരം പോലെ 2013 ആഗസ്റ്റ് 5 ന് ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യുകയും എട്ടാം ക്ലാസ് ആരംഭിക്കുകയും ചെയ്തു. എന്നാൽ യു.പി. സ്കൂൾ ഹെഡ്മാസ്റ്ററുടെ കീഴിലായിരുന്നു പ്രവർത്തനം നടന്നുകൊണ്ടിരുന്നത്. തുടർന്നുള്ള വർഷങ്ങളിൽ ഒൻപത് പത്ത് ക്ലാസുകൾ ആരംഭിച്ച് പൂർണമായും ഗവൺമെന്റ് ഹൈസ്കൂൾ റിപ്പൺ ആയി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇന്ന് നാടിനൊപ്പം ഈ വിദ്യാലയവും മാറ്റത്തിന്റെ പാതയിലാണ്. ആത്മാർത്ഥതയുള്ള അധ്യാപകരും അവരെ പിന്തുണയ്ക്കുന്ന നാട്ടും നൽകുന്ന കരുത്തിൽ രക്ഷിതാക്കളാഗ്രഹിക്കുന്ന രീതിയിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം വിദ്യാർത്ഥിയുടെ അവകാശം എന്ന ലക്ഷ്യത്തോടൊപ്പം സഞ്ചരിക്കാൻ ആത്മാർത്ഥമായി പരിശ്രമിക്കുകയാണ്. അറിവുകൾ അന്വേഷിക്കുന്നതിനും കണ്ടെത്തുന്നതിനും നേടിയ അറിവുകളും അനുഭവങ്ങളും ജീവിത്തിന്റെ വിജയത്തിനും പ്രയോജനപ്പെടുത്തുന്നതിനോടൊപ്പം സമൂഹവുമായി ഇടപഴകുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും നമുക്കൊത്തൊരുമിച്ച് ഈ വിദ്യാലയത്തെ ശക്തിപ്പെടുത്താം.

# ലിററിൽ കൈറ്റ്സ്

2019 – 20 വർഷത്തെ ജി.എച്ച്.എസ്.റിപ്പണിലെ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളിലേയ്ക്ക് ഒരു തിരനോട്ടം

- സ്കൂൾതല പ്രവർത്തനങ്ങളുടെ ഡോക്യുമെൻേറഷനും അവതരണവും

- ഹൈ ടെക് ഉപകരണങ്ങൾ, കമ്പ്യൂട്ടർലാബ് എന്നിവയുടെ മേൽ നോട്ടവും, സംരക്ഷണവും

- യു.പി.വിഭാഗം കുട്ടികൾക്ക് സൈബർ സുരക്ഷ, റോഡ് നിയമങ്ങൾ എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു.

- എട്ടാം ക്ലാസുകാർക്ക് ആനിമേഷൻ, സ്ക്രാച്ച് എന്നീ വിഷയങ്ങളിൽ അടിസ്ഥാന ക്ലാസ് നൽകൽ

- ഭിന്നശേഷിക്കാരായ കുട്ടികളെ കമ്പ്യൂട്ടർ പരിജയപ്പെടുത്തൽ

-ഡിജിററൽ പൂക്കള നിർമ്മാണ പരിശീലനം

- ഹൈസ്കൂൾ കുട്ടികളുടെ അമ്മമാർക്ക് ഐ.സി.ടി പരിശീലനം(സമഗ്ര, സമ്പൂർണ്ണ,ക്യൂ.ആർകോഡ്)

- സ്കൂളിനെക്കുറിച്ചുള്ള ക്യൂ. ആർ.കോഡ് നിർമ്മിക്കൽ

- സ്കൂൾ തല പ്രവർത്തനങ്ങളും, കുട്ടികളുടെ അധ്യാപകരുടെയും സർഗ്ഗസൃഷ്ടികളും ഉൾപ്പെടുത്തികൊണ്ടുള്ള ഡിജിറ്റൽ മാഗസിൻ നിർമ്മാണം.

# വിഷൻ 2025

**ആമുഖം**

പാഠ്യേതര പ്രവർത്തനങ്ങൾക്കൊപ്പം അക്കാദമിക പ്രവർത്തനങ്ങൾക്ക് പ്രത്യേക ശ്രദ്ധ കൊടുത്ത് നൂതനമായ ആവിഷ്ക്കാര വിലയിരുത്തൽ രീതികളിലൂടെ ജി.എച്ച്.എസ് റിപ്പൺ എന്ന തേയില എസ്റ്റേറ്റ് മേഖലയിൽ സ്ഥിതി ചെയ്യുന്ന വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റാനുള്ള ശ്രമങ്ങൾ പുതിയ സാരഥിയായ ഹെഡ്മിസ്ട്രസ്സിന്റെ നേതൃത്വത്തിൽ ഈ വിദ്യാലയത്തിലെ അധ്യാപകർ ഒറ്റക്കെട്ടായി ജനകീയ പങ്കാളിത്തത്തോടെ ഏറ്റെടുത്ത് ഒരു മനസ്സോടെ മുന്നേറികൊണ്ടരിക്കുകയാണ്. വിദ്യാർത്ഥികളുടെ പിന്നോക്കാവസ്ഥ പരിഹരിച്ച് വിജ്ഞാനത്തിന്റെ പുതുനാമ്പുകൾ വിരിക്കാനും മികവിന്റെ പടവുകൾ കയറാനും പ്രാപ്തരാക്കുക എന്നതാണ് ഈ വിദ്യാലയത്തിനന്റെ ആത്യന്തിക ലക്ഷ്യം.

**വീക്ഷണവും, ഊന്നലും**

അക്കാദമിക പ്രവർത്തനങ്ങൾ ഒരു വിഷയത്തിൽ കേന്ദ്രീകരിക്കാതെ വിദ്യാർത്ഥികളുടെ പിന്നോക്കാവസ്ഥ പരിഹരിച്ച് അടിസ്ഥാന ശേഷി നേടുക, അതിന് വേണ്ട നൂതനമായ രീതികൾ സമഗ്രമായി ആവിഷ്ക്കരിക്കുക

എന്ന വീക്ഷണത്തിലാണ് രൂപ കല്പന ചെയ്യുതും നടത്തി വരുന്നതും. അതിനാൽ തന്നെ മിക്ക വിഷയങ്ങളിലും നൂതനമായ രീതിയിലുള്ള ആവിഷ്ക്കാരവും പിന്നോക്ക മേഖലയിലെ വിദ്യാർത്ഥികൾക്ക് പരമാവധി വേറിട്ട അനുഭവം തന്നെ നൽകുക എന്ന വീക്ഷണത്തിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്.

അതിലുപരിയായി വിദ്യാർത്ഥി തന്നെ പങ്കാളികളാവുന്ന പ്രവർത്തനം - ശിശു കേന്ദ്രീകൃത രീതിയാണ് അവലംബിച്ച് വരുന്നത്. ഒരോ ദിനാചരണവും അതിനുള്ള ഉത്തമ ഉദാഹരങ്ങളാണ്.

**പ്രവർത്തന ഘട്ടങ്ങൾ**

1) ആസൂത്രണം : SRG മീറ്റിംഗ്, CPTA, PTA മീറ്റിംഗ്, തദ്ദേശ ഭരണ സ്ഥാപനങ്ങളുമായുള്ള ചർച്ച എന്നിവ നടത്തിയതിന് ശേഷം മുൻഗണന ക്രമത്തിൽ നടക്കേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ഉത്തരവാദിത്വം വിഭജിക്കുകയുമാണ് ചെയ്യുന്നത്.

2) നിർവ്വഹണം : നിർവ്വഹണ ചുമതല

SRG CO – ordinator

അധ്യാപകർ

പ്രഗൽഭരായ വിദ്യാർത്ഥികൾ

പി.ടി.എ.അംഗങ്ങൾ

3)പൂർത്തീകരണം

SRG കൂടി നിർദ്ദേശിച്ച സമയ പരിധിക്കുള്ളിൽ തന്നെ വിജയകരമായി പ്രവർത്തനങ്ങൾ പൂർത്തിയാക്കാ

റുണ്ട്.

പിൻതുണ, സഹായം : PTA, പൂർവ്വവിദ്യാർത്ഥി സംഘടന, പൊതുഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, NGO, LSG എന്നിവയുടെ സഹായം

**മുൻഗണന**

- അടിസ്ഥാന ശേഷി എല്ലാ വിഷയത്തിലും ഉറപ്പാക്കുന്നു

- സമ്പൂർണ്ണ സാക്ഷരത

- മൂല്യാധിഷ്ഠിത വിദ്യാഭ്യാസം

- പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ ഹാജർ ഉറപ്പാക്കുക

- കുട്ടികളുടെ തന്നെ ശാസ്ത്രസാഹിത്യ അനുബന്ധപ്രവർത്തനങ്ങൾ

- ശിശു കേന്ദ്രീകൃത പ്രവർത്തനങ്ങൾ

- ഒന്നാംകിട അനുഭവങ്ങൾ ലഭ്യമാക്കൽ

- ആസൂത്രണവും അവതരണവും വിദ്യാർത്ഥികൾ തന്നെ ചെയ്യുന്ന രീതിയിലുള്ള മികവാർന്ന അക്കാദമിക പ്രവർത്തനങ്ങൾ

- സ്കൂൾ റേഡിയോ, സ്കൂൾ പത്രം

- High tech class room, IT enabled instruction പരമാവധി ഉപയോഗപ്പെടുത്തൽ

- പിന്നോക്ക വ്യവസ്ഥയിൽ നിന്നും ശാസ്ത്രമേള, കായിക കലാമേളകളിൽ വ്യക്തിമുദ്ര പതിപ്പിക്കാനുള്ള ശ്രമങ്ങൾ

- LSS, USS തുടങ്ങിയ മത്സര പരീക്ഷകൾക്കുള്ള സമഗ്ര പരിശീലനം

- ഇംഗ്ലീഷ്, ഹിന്ദി, തുടങ്ങിയ ഭാഷകൾ കൈകാര്യം ചെയ്യാൻ Hello English പോലുള്ള പദ്ധതികൾ

**പ്രവർത്തനങ്ങൾ**

അടിസ്ഥാന ശേഷി ആർജ്ജിക്കൽ

സമ്പൂർണ്ണ സാക്ഷരത, വായനാ പ്രദർശനങ്ങൾ, Communicative English, Hindi എന്നിവ പഠന സമയത്തിനുപരിയായി സമയം കണ്ടെത്തി അധ്യാപകരുടെയും പ്രഗത്ഭരായ വിദ്യാർത്ഥികളുടെയും സഹായത്തോടെ നടത്തി സമ്പൂർണ്ണ സാക്ഷരത, അടിസ്ഥാന ഗണിത ക്രിയാശേഷി, മറ്റ് വിഷയങ്ങളിലെ അടിസ്ഥാന ശേഷികൾ എന്നിവ ശ്രദ്ധ എന്ന പരിപാടിയിലൂടെ ഏറെക്കുറെ പൂർണ്ണ വിജയത്തിലെത്തിക്കാൻ കഴിഞ്ഞു എന്ന് പറയാം. CPTA യുടെ മുമ്പിൽ ക്ലാസിലെ എല്ലാ കുട്ടികളും ഇംഗ്ലീഷ് പത്രം വായിച്ച് കേൾപ്പിച്ചു. മിക്ക കുട്ടികൾക്കും കമ്പ്യൂട്ടർ കൈകാര്യം ചെയ്യാനും മറ്റൊരു ഭാഷയിൽ അസംബ്ലി നടത്താനും ആശയ വിനിമയം നടത്താനും അടിസ്ഥാന ശേഷി നേടിക്കഴിഞ്ഞു.

**പ്രതീക്ഷിത ഉൽപ്പന്നങ്ങൾ**

- എല്ലാ വിദ്യാർത്ഥികളുടെയും വായനാ പ്രദർശനം
- സാഹിത്യകാരൻമാരുടെ രചന സ്കിറ്റാക്കി അവതരിപ്പിക്കൽ
- ശാസ്ത്ര പ്രദർശനം
- സ്വന്തമായ കലാ സാഹിത്യ സൃഷ്ടികൾ
- സാമൂഹ്യ പ്രാധാന്യമുള്ള സ്കിറ്റ് തയ്യാറാക്കലും അവതരണവും
- ഐ.ടി മേഖലയിലെ സ്വന്തമായ സൃഷ്ടികൾ
- മൂല്യനിർണ്ണയത്തിൽ തെളിവാകുന്ന മികവുകൾ
- എല്ലാ മേഖലകളിലും ആർജ്ജിക്കുന്ന മികവും അവതരണ ശേഷിയും
- ശരിയായ കാഴ്ചപ്പാടും അഭിപ്രായവും പൗരബോധവും ശാസ്ത്രബോധവും രൂപപ്പെടൽ

**സാഹിത്യ പ്രവർത്തനങ്ങൾ**

ക്ലാസ്റൂം പ്രവർത്തനം അല്ലെങ്കിൽ വെറും വായന എന്നതിലുപരിയായി വിശ്വ സാഹിത്യ കൃതികളുടെ ദൃശ്യാവിഷ്ക്കാരമാണ് ഈ വർഷം ജി.എച്ച്.എസ്. റിപ്പണിൽ ആസൂത്രണം ചെയ്യപ്പെട്ടതും അരങ്ങേറിയതും 6 B ക്ലാസിലെ കുട്ടികൾ ബഷീർ ദിനത്തിൽ പൂർണ്ണതയോടും മികവോടും കൂടി പൂവൻ പഴം എന്ന ബഷീറിൻെറ ചെറുകഥ സ്കൂളിലെ ഓരോ കുട്ടിയും കാണാപാഠവും ഹൃദ്യവുമാകുന്ന രീതിയിൽ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിച്ച ബഷീറിൻെറ മറ്റ് കൃതികളുടെ പ്രദർശനവും ആസ്വാദനവും ജീവചരിത്രം ഒക്കെ കുട്ടികളെ ക്ലാസ്റൂം പ്രവർത്തനത്തിനപ്പുറം വായനയിലേക്കും സാഹിത്യത്തിലേയ്ക്കും വലിച്ചെടുപ്പിക്കുകയായിരുന്നു. വായനാദിനവും കാവ്യകേളിയും പുസ്തകാസ്വാദനവും കുട്ടികളെ വായനയുടെ വാതായനങ്ങളിലേക്ക് മാടിവിളിക്കുന്നതായിരുന്നു.

**ST കുട്ടികൾക്കുള്ള പ്രത്യേക "ശ്രദ്ധ"യും പരിപാടികളും**

ST കുട്ടികൾ മിക്കവാറും വരാതിരുന്ന വിദ്യാലയത്തിലിപ്പോൾ അവരുടെ സമ്പൂർണ്ണ ഹാജരും പ്രത്യേക ശ്രദ്ധയും ഉറപ്പാക്കി വിജയിച്ചിരിക്കുന്നു

എല്ലാവരും തന്നെ ഉയർന്ന വിദ്യാഭ്യാസ നിലവാരത്തിലേയക്കും കുതിക്കുകയാണ് എന്ന് അഭിമാനപൂർവ്വം പറയാൻ കഴിയുന്നു.

**ഓലപ്പുരയിലെ പ്രതിഭ**

ഓലപ്പുരയിലെ പ്രതിഭ എന്ന പേരിൽ ഒരു സ്കിറ്റ് ഈ വിദ്യാലയത്തിൽ രചിച്ച് ആവിഷ്ക്കാരവും നടത്തി സ്കൂളിൽ അവതരിപ്പിക്കുകയുണ്ടായി. പരാധീനതകളുടെയും അവഗണനയുടെയും ആക്ഷേപത്തിൻെറയും ലോകത്തിൽ നിന്ന് പഠിച്ച് ഡോക്ടറായ ഒരു ആദിവാസി പെൺകുട്ടിയുടെ ജീവിതകഥ എല്ലാ കുട്ടികൾക്കും പ്രചോദനമാക്കുക അവരോടുള്ള സമീപനത്തിൽ, കാഴ്ച്ചപ്പാടിൽ മാറ്റം വരുത്തുക എന്ന ഉദ്ദേശ്യത്തോട് കൂടി രചിച്ചതാണ്.

**കേരളപ്പിറവി**

വിപുലമായ പ്രതലത്തിൽ ഓരോ ക്ലാസിലെ കുട്ടികളും ഓരോ ജില്ലയെ പറ്റി വിവരശേഖരണം നടത്തി വരച്ച് പൂർത്തിയാക്കിയ കേരളത്തിൻെറ ചിത്രവും വിവരങ്ങളും വേറിട്ടൊരനുഭവം തന്നെയായിരുന്നു.

ഐന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾ നിർമ്മിച്ച അനിമേഷൻ ചിത്രങ്ങൾ ഐ.ടി മേഖലയിലെ കുട്ടികളുടെ വൈദഗ്ദ്യം തെളിയിക്കുന്നതായിരുന്നു.

**ഭിന്നശേഷി വാരാചരണം**

വയനാട് ജില്ലക്കു തന്നെ മാതൃകയായി ഓരോ ആഴ്ചയും സമ്മാനങ്ങളുമായി ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ ഭവന സന്ദർശനം (ചങ്ങാതിക്കൂട്ടം) അവരുടെ ചിത്രപ്രദർശനം, അവർതന്നെ അവതരിപ്പിച്ച ഇംഗ്ലീഷ് സ്കിറ്റ്, അസംബ്ലി എന്നിവ അവരെയും ജീവിതത്തിൻെറ മുഖ്യധാരയിലെത്തിക്കാനും ഓരോരുത്തർക്കും ഉള്ള ഉത്തരവാദിത്വവും മനോഭാവവും ബോധവൽക്കരിക്കുന്ന വിധത്തിലായിരുന്നു

**ലക്ഷ്യങ്ങൾ**

പിന്നോക്ക മേഖലയിലെ വിദ്യാലയമായതിനാൽ പഠനത്തിൽ ഉത്സുകരായ ഒരു സാമൂഹ്യ പാശ്ചാത്തലത്തിൻെറ അഭാവം വിദ്യാർത്ഥികളിലും പ്രതിഫലിക്കുന്നത് ഒരു വെല്ലുവിളിയായിരുന്നു.

- അതിനാൽ കുട്ടികൾക്ക് നേരിട്ടനുഭവം നൽകുക

- പ്രവർത്തി പഠനം

- വ്യക്തമായ കാഴ്ച്ചപ്പാടുമ്ടാക്കുക

- പരിമിതികൾ പരിഹരിക്കപ്പെടുക

- വ്യക്തിത്വ വികസനം

- വ്യക്തിപരമായ കഴിവുകൾ കണ്ടെത്തുക

- സമഗ്രവികസനം

- മാനസികമായ ഉല്ലാസം

- ഭിന്നശേഷിക്കാരെയും പൊതുധാരയിലെത്തിക്കുക

ഹൈടെക് അമ്മ പരിശീലനം









ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ക്യാമ്പ്



ലിറ്റിൽ കൈറ്റ്സ് വീഡിയോ കോൺഫറൻസ്



കായികമേള








ജി എച്ച് എസ് റിപ്പണിന്
അഭിമാനമായി
വയനാട് ജില്ലാ സബ് ജൂനിയർ
ടീമിലേക്ക് സെലക്ഷൻ ലഭിച്ച
മുഹമ്മദ് മിദ്‌ലജ്
അക്ഷയ്



## സ്കൂൾതലശാസ്ത്രമേള

**2019 സെപ്തംബർ 20-ന് സ്കൂൾതല ശാസ്ത്രമേള നടത്തപ്പെട്ടു. ഹൈസ്കൂൾതലത്തിൽ വർക്കിങ് മോഡൽ, പരീക്ഷണം എന്നീ വിഭാഗങ്ങളിലാണ്  മത്സരം നടത്തപ്പെട്ടത്. കുട്ടികളിൽ  ശാസ്ത്രീയ അവബോധം വളർത്തുന്ന തരത്തിലായിരുന്നു പ്രദർശനം. കുട്ടികൾ വളരെ ആവേശത്തോടുകൂടി പങ്കെടുത്തു.**

**<u>സ്കൂൾതലത്തിൽ ഒന്നാം സ്ഥാനം നേടിയവരെ സബ്ജില്ലാ തലത്തിലേക്ക് തിരഞ്ഞെടുത്തു</u>**








സ്കൂൾ പാർലമെന്റ് 19-20








മുഹമ്മദ് ദിൽഷാൻ
മോണോ ആക്ട് ഫസ്റ്റ് എ ഗ്രേഡ്




ഹന ഫാത്തിമ
കടങ്കഥ ഫസ്റ്റ് എ ഗ്രേഡ്





പച്ചപ്പ് ( കില )യുടെ ആഭിമുഖ്യത്തിൽ എം എസ് സ്വാമിനാഥൻ ഫൗണ്ടേഷൻ റിസർച്ച് സെന്ററിൽ ദ്വിദിന ലഹരി വിരുദ്ധ ക്യാമ്പിൽ പങ്കെടുത്തവർ ബഹുമാനപ്പെട്ട എം എൽ എയ്ക്കൊപ്പം



# ചാന്ദ്രദിനം










## കേരളപ്പിറവി



# വിദ്യാലയഭരണഘടന – നൈതികം

**(2019 -20 വർഷത്തിൽ ബി.ആ.ർ.സി തലത്തിൽ മികച്ചതായി തെരഞ്ഞെടുക്കപ്പെട്ടത്)**

**തയ്യാറാക്കിയത് : സ്കൂൾ പാർലമെൻറ്**

ജി.എച്ച്.എസ് റിപ്പണിലെ വിദ്യാർത്ഥികളായ നാം സ്കൂളിനെ ഒരു പരമാധികാര സോഷ്യലിസ്റ്റ് മതനിരപേക്ഷ സ്കൂളായി സംവിധാനം ചെയ്യുവാനും അതിലെ പൗരൻമാർക്കെല്ലാം സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ നീതിയും, ചിന്ത,ആശയപ്രകാശനം,പഠവിയിലും അവസരത്തിലും സമത്വവും,ഐക്യവും അഖണ്ഡതയും ഉറപ്പ് വരുത്തി സാഹോദര്യം പുലർത്തുവാൻ സഗൗരവം തീരുമാനിച്ചിരിക്കയാൽ നമ്മുടെ ഭരണഘടന സഭയിൽ ഈ 2019 നവംബർ 26ാം തീയ്യതി ഈ ഭരണഘടന സ്വീകരിക്കുകയും, നിയമമാക്കുകയും, നമുക്ക് പ്രദാനം ചെയ്യുകയും ചെയ്യുന്നു.

## *അവകാശങ്ങൾ:*

- ഇഷ്ടാനുസരണം മാന്യമായ വസ്ത്രധാരണത്തിനുള്ള അവകാശം
– കുടുംബാംഗങ്ങളോട് സ്വാതന്ത്ര്യ പൂർവ്വം ഇടപഴകുവാനുള്ള അവകാശം
– ഇഷ്ടമുള്ള ആഹാരം തയ്യാറാക്കുവാനും കഴിക്കാവാനുമുള്ള അവകാശം
– പഠനം, വിനോദം തുടങ്ങിയ മേഖലകളിൽ സ്വന്തം അഭിപ്രായം രേഖപ്പെടുത്തുവാനുള്ള അവകാശം
– സ്വസ്ഥവും, ഭയരഹിതവുമായി ഉറങ്ങുവാനുള്ള അവകാശം
– സമാധാനവും ,സ്നേഹവും, സൗഹാർദ്ദവും നിലനിൽക്കുന്ന കുടുംബാന്തരീക്ഷത്തിൽ ജീവിക്കുവാനുള്ള അവകാശം
– ആണ് പെണ് എന്ന വിവേചനത്തിന് ഇരകളാകാതിരിക്കുവാനുള്ള അവകാശം
– സ്വസ്ഥമായിരുന്ന് പഠിക്കുവാനുള്ള അവകാശം
– ആഗ്രഹിക്കുന്ന സൗന്ദര്യ വർദ്ധക വസ്തുക്കൾ ഉപയോഗിക്കുവാനുള്ള അവകാശം
– സൗന്ദര്യവും ആരോഗ്യവും മെച്ചപ്പെടുത്തുന്നതിന് കായിക പരിശീലനങ്ങളിൽ ഏർപ്പെടാനുള്ള അവകാശം

-അസുഖ ബാധിതരായാൽ ആവശ്യ സൗകര്യങ്ങളുള്ള ആശുപത്രികളിൽ ചികിസ്ത ലഭ്യമാക്കാനുള്ള അവകാശം
-സൗന്ദര്യം, ബുദ്ധി തുടങ്ങിയ മേഖലകൾ ആസ്പദമാക്കി നടക്കുന്ന വിവേചനങ്ങളിൽ നിന്നും രക്ഷ ലഭിക്കുവാനുള്ള അവകാശം
- പാഠ്യ പാഠ്യേതര വിഷയങ്ങളിൽ സജീവമായി പങ്കെടുക്കുവാനുള്ള അവകാശം

**കടമകൾ:**

- പൊതു മുതലുകൾ നാശലഷ്ടം സംഭവിക്കാതെ അവ കാത്തു സൂക്ഷിക്കണം
- തടാകങ്ങളും, പുഴകളും മലിനപ്പെടുത്താതെ സൂക്ഷിക്കണം
- മരങ്ങൾ നട്ടുപിടിപ്പിച്ച് മലിനീകരണത്തിൻറ തോത് കുറയ്ക്കണം
- വനനശീകരണം തടഞ്ഞ് പ്രകൃതിയുടെ സംതുലനാവസ്ഥ നിലനിർത്തുവാൻ ആവുംവിധം ശ്രമിക്കണം
- അച്ചടക്കവും, വിനയവും, മര്യാദയും കാത്ത് സൂക്ഷിക്കുക
- സാമൂഹ്യ വിരുദ്ധരുടെ ശല്യം ശ്രദ്ധയിൽപെട്ടാൽ അധികൃതരെ അറിയിക്കുക.
- സംശയാസ്പദമായ സാഹചര്യങ്ങളിൽ വിദ്യാർത്ഥികളെ പൊതുസ്ഥലങ്ങളിൽ കണ്ടാൽ പ്രധാനാധ്യാപകരെ അറിയിക്കണം
- പ്ലാസ്ററിക് മാലിന്യങ്ങളിൽ നിന്നും സ്കൂളുകൾ വിമുക്തമാക്കുക
- മുതിർന്നവരെ അനുസരിക്കണം
- നല്ല ശീലങ്ങൾ വളർത്തിയെടുക്കണം
- സഹോദരങ്ങൾക്കും സഹപാടികൾക്കും മാതൃകയാവണം
- ഉത്തരവാദിത്തത്തോട് കൂടി പെരുമാറണം
- വീട്ടു ജോലികൾ തന്നാലാകും വിധം ചെയ്യണം
- അയൽക്കാരോടും അതിഥികളോടും സ്നേഹത്തോട് കൂടി പെരുമാറണം
- വീടും പരിസരവും വൃത്തിയായി സൂക്ഷിക്കണം
- മാതാപിതാക്കളുടെ അവശതകളിൽ അവർക്ക് കൈത്താങ്ങാകണം

# നൊബേൽ 2019

## ഭൗതിക ശാസ്ത്രം:

പ്രപഞ്ചപരിണാമത്തിലേക്കും പ്രപഞ്ചത്തിലെ സൂര്യസമാനമായ നക്ഷത്രത്തെ ചുററുന്ന ഗ്രഹത്തെ കുറിച്ചുമുള്ള പഠനങ്ങൾക്കാണ് ഇക്കുറി ഭൗതികശാസ്ത്ര നൊബേൽ ലഭിച്ചത്.

ജെയിംസ് പീബിൾസ്,ദിദിയെ കൊലോ,മിഷേൽ മേയർ എന്നിവരാണ്

നോബേൽ പങ്കിട്ടത്.



## രസതന്ത്രം:

മൊബൈൽ ഫോൺ,ലാപ് ടോപ്,ക്യാമറ എന്നിവയിൽ ഉപയോഗിക്കുന്ന ലിഥിയം അയോൺ ബാററററികളുടെ കണ്ടുപിടുത്തത്തിനാണ് പുരസ്കാരം.

ജോൺ ബി ഗുഡ് ഇനഫ്,സ്ററാൻലി വിററിംഗ്ഹാം,അകിറ യോഷിനോ എന്നിവരാണ് പങ്കിട്ടത്.



## വൈദ്യശാസ്ത്രം:

കോശങ്ങളിലെ മെററബോളിസത്തെയും ശരീരശാസ്ത്ര പ്രവർത്തനത്തിനെയും ഓക്സിജൻെറ അളവ് എങ്ങനെ ബാധിക്കുമെന്ന

പഠനത്തിനാണ് ഇത്തവണത്തെ സമ്മാനം ലഭിച്ചത്.

വില്യം ജി കെയിലിൻ,പീററർ ജെ റാററ്ക്ളിഫ്,ഗ്രഗ്ഗ് എൽ സെമൻസ



## സമാധാനം :

രണ്ട് പതിററാണ്ടുകൾ നീണ്ട അതിർത്തി തർക്കങ്ങളിൽ സ്വീകരിച്ച നിലപാടുകളാണ് എത്യോപ്യൻ പ്രധാനമി അബി അഹമ്മദ് അലിയെ സമാധാനത്തിനുള്ള നോബേലിന് അർഹനാക്കിയത്.ഇരുപത് വർഷം നീണ്ടു നിന്ന അതിർത്തി തർക്കവും യുദ്ധവും പരിഹരിക്കുന്നതിനാണ്

അദ്ദേഹം ശ്രമിച്ചത്.



## സാമ്പത്തികം:

ആഗോള ദാരിദ്ര്യം ലഘൂകരിക്കുന്നതിനുള്ള സമീപനങ്ങളുടെ ഗവേഷണങ്ങളാണ് അഭിജിത് വിനായക് ബാനർജി,എസ്ഥർ

ഡഫ്ളർ,മൈക്കിൾ ക്രൈമർ എന്നിവരെ സാമ്പത്തിക നോബേലിന് അർഹരാക്കിയത്.



## സാഹിത്യം:

ഭാഷാപരമായ നൈപുണ്യത്താൽ മനുഷ്യാനുഭവങ്ങളുടെ അതിരുകളെയും അസാധാരണതങ്ങളെയും അവതരിപ്പിക്കുന്നുവെന്ന് സ്വീഡിഷ് അക്കാദമി നിരീക്ഷിച്ച പീററർ ഹാൻഡ്ക് കെക്കാണ് പുരസ്കാര ജേതാവ്.നോവലിസ്ററ്, നാടക കൃത്ത് എന്നീ നിലകളിൽ വളരെക്കാലം

മുമ്പ് തന്നെ ശ്രദ്ധേയനായ എഴുത്തുകാരനാണ് അദ്ദേഹം.




മുഹ്സിന മുജീബ്

9A

# നവമാധ്യമങ്ങളുടെ കടന്നുകയറ്റം

ലോക ജനസംഖ്യയിൽ രണ്ടാം സ്ഥാനത്താണ് ഇന്ത്യ.എന്നാൽ നവമാധ്യമങ്ങളിലൊന്നായ ഫേസ്ബുക്കിനെ ഒരു രാജ്യമായി പരിഗണിച്ചാൽ ഇന്ത്യയെ പിന്നിലാക്കി ചൈനയ്ക്ക് താഴെ ജനസംഖ്യകൊണ്ട് രണ്ടാം സ്ഥാനമാകും ഫെയസ്ബുക്കിലുണ്ടാവുക. ലോകമെങ്ങും അക്രമങ്ങൾ അഴിച്ചു വിടുന്ന തീവ്രവാദ, ഭീകരവാദ സംഘടനകൾ തങ്ങളുടെ പ്രവർത്തനങ്ങളിലേയ്ക്കുക് യുവജനങ്ങളെ ആകർഷിക്കാൻ ഏറ്റവും കൂടുതൽ പ്രയോജനപ്പെടുത്തുന്നത് നവമാധ്യമങ്ങളെയാണ്.

ഒരു വ്യക്തി തന്റെ ഭാര്യയ്ക്കും, മക്കൾക്കും, സുഹൃത്തുക്കൾക്കും വേണ്ടി ചെലവഴിക്കുന്ന സമയത്തിൻറെ ഭൂരിഭാഗവും കടമെടുത്തുകൊണ്ടാണ് സോഷ്യൽ മീഡിയയ്ക്ക് വേണ്ടി ചെലവിടുന്നത്. ഇത് വഴി വിവാഹമോചനങ്ങൾ വർദ്ധിക്കുന്നു, സാമ്പത്തിക തട്ടിപ്പുകൾ തുടർകഥയാകുന്നു, ഓൺലൈൻ പെൺവാണിഭവും, ലഹരി വിൽപ്പനയും  അരങ്ങ് തകർക്കുന്നു അഥവാ നവമാധ്യമങ്ങൾ നമ്മുടെ കൗമാരത്തെയും, യൗവ്വനത്തെയും, അർദ്ധവാർദ്ധക്യത്തെയും, ഒരുപോലെ കുരുക്കാനുള്ള വലകൾ നിരന്തരം നെയ്തുകൊണ്ടിരിക്കുന്നു.

ഇന്ന് ചെറിയൊരു ഒഴിവ് സമയം ലഭിച്ചാൽ പോലും മൊബൈലിൽ നോക്കി കുനിഞ്ഞുകൂടിയിരിക്കുന്ന അവർക്ക് നട്ടെല്ല് നിവർത്താനുള്ള ശേഷി പോലും നഷ്ടപ്പെട്ടിരിക്കുന്നു. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ശാസ്ത്ര സാങ്കേതിക വിദ്യയുടെ സർവ്വശക്തിയും ആവാഹിച്ച് നിങ്ങൾ മുന്നോട്ട് കുതിക്കുമ്പോഴും ഒന്നോർക്കുക ഒരിക്കലും പരിധിക്ക് പുറത്താകരുത്.

മുഹമ്മദ് സിനാൻ

9A

## വൈക്കം മുഹമ്മദ് ബഷീർ



(1908- 1994 )

പ്രസിദ്ധ നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമരപോരാളിയും.

ബേപ്പൂർ സുൽത്താൻ എന്ന് വിളിക്കപ്പെടുന്ന വൈക്കം മുഹമ്മദ് ബ-

ഷീർ വൈക്കത്തെ തലയോലപ്പറമ്പിൽ ജനിച്ചു. 1930 ൽ കോഴിക്കോട്ട്

ഉപ്പുസത്യഗ്രഹത്തിൽ പക് ടുത്തതിന്റെ പേരിൽ ജയിലായി. 'ഉജ്ജീവനം' എന്ന

പത്രത്തിലെഴുതിയ തീപ്പൊരിലേഖനങ്ങളാണ്

*ആദ്യകാല കൃതികളാണ്. 'പ്രഭ' എന്ന തൂലികാനാമമാണ് അന്ന് അദ്ദേഹം സ്വീകരിച്ചിരുന്നത്.*

*കുറേ വർഷങ്ങൾ ഇന്ത്യയൊട്ടാകെ അ-*

*ലഞ്ഞുതിരിഞ്ഞു. ഒബതുവർഷത്തോളം നീണ്ട ഈ യാത്രള്ളിൽ അദ്ദേഹം*

*പല ഭഷകളും ഗ്രഹിച്ച്*

*പത്മശ്രീ, കേന്ദ്ര-കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ ലളിതാം*

*അന്തർജനം അവാർഡ്, മുട്ടത്തുവർക്കി അവാർഡ് , വള്ളത്തോൾ പുര-*

*സ്കാരം തുടങ്ങിയ ബഹുമതികൾ*

### *പ്രധാന കൃതികൾ*

പ്രേമലേഖനം , ബാലകാലസഖി, ആനവാരിയും പൊൻ കുരിശും, പാ-

ത്തുമ്മയുടെ ആട്, മതിലുകൾ, ഭൂമിയുടെ അവകാശികൾ, വിശ്വവിഖ്യാ-

തമായ മൂക്ക്, ചിരിക്കുന്ന മരപ്പാവ , ജിവിതനിഴൽപ്പാടുകൾ,നേരും നുണയും, ജന്മദിനം, ന്യൂറുരുപ നോട്ട്, ശബ്ദങ്ങൾ (നോവൽ)

നാഫിദ്

*9A*

## THE VILLAGE MOUSE AND THE CITY MOUSE

once upon mouse lived in a hole of a posh house in a city. miles away in a village, lived his cousin. One day , the city mouse decided to visit the village mouse.

When the city mouse reached the village, his cousin was delighted

oh brother after a long time he smiled. Then the village mouse

offered him good food. In the night, the city mouse had a peace

full sleep. Next morning, he woke up fresh. “Come i’ll show you the village,”said the village mouse.

Both the mice then walked through the fields of barley and wheat. The city mouse was exited

to see the natural beauty around.

Many more mice came to meet him. They showed him how they

work and have fun together.

You have an easy life, brother.

Said the city mouse. A few days

later , the city mouse took leave

of his cousin. It was fun to be here

*but i have to  get back to work.*

# മണ്ടന്റെ വീട്



മര മണ്ടനായ ഒരു എലിക്കുട്ടനായിരുന്നു ഒരു വീടിന്റെ മച്ചിൻ മുകളിലായിരുന്നു അവൻ താമസം.ഒരു ദിവസം ചുക്കു ഒരു .അടുക്കളയിൽ ഒരു വലിയ കവർ നിറയെ ബിസ്കറ്റ് ഇരിക്കുന്നു.അന്നു രാത്രി ചുക്കു കവറോടെ ബിസ്കറ്റ് കട്ടോണ്ട് പോയി.

കൈ നിറയെ ബിസ്കറ്റുമായി വരുന്ന ചുക്കുവിനെക്കണ്ട് മറ്റ് എലികൾ ചുറ്റും കൂടി.
ചുക്കു ഒരു ബിസ്കറ്റ് ഞങൾക്കും താ...അവർ കെഞ്ചി എന്നാൽ ചുക്കു അഹന്കാരത്തോടെ അവരെ ഓടിച്ചുവിട്ടു.എന്നിട്ട് ഒറ്റക്കിരുന്നു ബിസ്കറ്റ് തിന്നാൻ തുടങ്ങി.വയർ നിറയെ കഴിച്ചിട്ടും ഒരു പാട് ബിസ്കറ്റ് ബാക്കി വന്നു.ചുക്കു എന്ത ചെയ്യെന്നോ ബിസ്കറ്റ് കൊണ്ടൊരു വീടുണ്ടാക്കി.എന്നിട്ട് ഗമയിൽ അതിനുള്ളിൽ കിടന്നുറങ്ങി.

രാത്രിയായി.ബിസ്കറ്റിന്റെ മണം കിട്ടികടിയനുറുമ്പും കൂട്ടുകാരുംഅവിടെത്തി.ഹായ്...നമുക്കീ ബിസ്കറ്റ് വീട് തിന്ന് തീർക്കണം.അവർ കപ്പു കപ്പെന്ന് ബിസ്കറ്റ് വീട് തിന്നാൻ തുടങ്ങി.അതിലുറങ്ങിക്കിടന്ന ചുക്കുവിന് നല്ല കടിയും കൊടുത്തു.

# മഴപ്പാട്ട്



ഹായ് എന്തു മഴയാ....

ഹായ്  എന്തു മഴയാ....

മഴ മഴ മലകളിൽ ഇളകിടും ഇലകളിൽ

ഒരു മഴ പെരുമഴ എന്തു മഴ

മഴ മഴ മലകളിൽ ഇളകിടും ഇലകളിൽ

ഒരു മഴ പെരുമഴ എന്തു മഴ

മഴ മഴ ഒഴുകിടും അരുവിയിൽ അലകളിൽ

ഒരു കടലലയിലും എന്തു മഴ

മഴ മഴ ഒഴുകിടും അരുവിയിൽ അലകളിൽ

ഒരു കടലലയിലും എന്തു മഴ

fidha fathima p.p

iv b




# അക്ഷരമുറ്റം

അഴകിൻവർണ്ണമായി വിരിയും സ്നേഹത്തിൻ
കൂട്ടുകാരിയാം ആ അക്ഷരമുറ്റത്തേയ്ക്ക്
ഓടിയെത്തുവാൻ
ഞാനറിയാതെ എൻമനം കൊതിക്കുന്നു.
പൊഴിഞ്ഞ സ്നേഹത്തിനായി
അറിയാതെ പൊഴിഞ്ഞ സ്നേഹം
എന്നോ എന്നെ വിട്ടകലുന്പോൾ
എൻമനം പിന്നെയും തേങ്ങിക്കരയുന്നു.
കൈവീശിയകലുന്ന സ്നേഹത്തെയോർത്ത്
കൈവീശി അകലുവാനാണെങ്കിൽ
എന്തിനു നീ എൻമനം കവർന്നു
മറക്കാൻ ശ്രമിക്കാം ഈ
ബാല്യകാല സ്നേഹവർണ്ണങ്ങൾ
ഓർക്കുന്പോൾ അറിയാതെ തുടിക്കുന്ന
ഹൃദയം
ആർക്കോ വേണ്ടി ഒഴുകിയ മിഴിനീർ
ഇനിയും കളയേണ്ടതില്ല
എന്നെനിക്കറിയാമെങ്കിലും
എൻമനം കവർന്ന ഈ സരസ്വതീ ക്ഷേത്രവും
എൻറെ സ്നേഹ സ്വപ്നങ്ങളും
**മറക്കില്ല ഒരിക്കലും**

BUTTERFLY

BUTTERFLY.....



Butterfly, Butterfly, flatter around.
Butterfly, Butterfly, touch the ground.
Butterfly, Butterfly, fly so free.
Butterfly,Butterfly,land on me!
Butterfly, Butterfly, reach the sky,
*Butterfly, Butterfly, say good bye.......*

*DIYA FATHIMA*
*3A*

# ആത്മാവ്



ഇന്നീ ഭൂമിയെ എനിക്ക് കാണാനാവില്ല
കാരണം എനിക്ക് കണ്ണുകളില്ല.
ഇന്നീ ഭൂമിയിലെ സ്വരങ്ങൾ എനിക്ക് കേൾക്കാനാവില്ല
കാരണം എനിക്ക് കാതുകളില്ല.
പൊട്ടിക്കരയാനും, തുറന്ന് ചിരിക്കാനും
എനിക്കാവില്ല
കാരണം ഞാൻ വെറുമൊരാത്മാവാണ്.
വെറുമൊരാത്മാവ്!
ഈ മണ്ണിൽ അലിഞ്ഞ് ചേർന്ന
നിമിഷത്തെ
ഞാൻ നമിക്കുന്നു.
ഈ ഭൂമിയിൽ നിന്നെന്നെയകറ്റിയ
ദൈവത്തെ
ഞാൻ സ്തുതിക്കുന്നു.
എനിക്കിനി ഈ ഭൂമിയിലെ
ദു:ഖങ്ങളും ദുരിതങ്ങളും
കാണേണ്ടല്ലോ, കേൾക്കേണ്ടല്ലോ!

ഹന ഫാത്തിമ
*2A*

# പൂവിൻെറ ഭംഗി



ഭംഗിയുള്ള പൂക്കൾ
മണമുള്ള പൂക്കൾ
നിറമുള്ള പൂക്കൾ
തേനുള്ള പൂക്കൾ
ഭംഗിയുള്ള പൂക്കൾ
അഴകുള്ള പൂക്കൾ
ഇഷ്ടമുള്ള പൂക്കൾ
കാററിലാടും പൂക്കൾ

ഷിഫ നസ്റിൻ 2B

# പാവക്കുട്ടി

ഒരു ഗ്രാമത്തിൽ അമ്മു എന്ന് പേരുള്ള ഒരു സുന്ദരി പെൺകുട്ടി ഉണ്ടായിരുന്നു.അവൾക്ക് കൂട്ടുകാരുമായി കളിക്കാൻ ഇഷ്ടമായിരുന്നു.അവളുടെ പ്രായത്തിലുള്ള കുട്ടികൾ എല്ലാവരും ഒരുമിച്ച് കളിക്കുമ്പോൾ
അമ്മു മാത്രം ഒററയ്ക്കിരുന്നു കളിക്കും.അവൾക്ക് കളിക്കാൻ കളിപ്പാട്ടങ്ങൾ ഉണ്ടായിരുന്നില്ല.കളിപ്പാട്ടങ്ങൾ ഇല്ലാതെ കളിക്കാൻ പോയാൽ കൂട്ടുകാർ അവളെ കളിയാക്കും.



ഒരു ദിവസം അമ്മു അച്ഛൻെറയും അമ്മയുടെയും കൂടെ കലാണത്തിന് പോയി.വീട്ടിലേക്ക് വരുമ്പോൾ
അമ്മു ബസ്സിലിരുന്ന് വലിയ കട  കണ്ടു.അവിടെ നല്ല ഭംഗിയുള്ള പാവക്കുട്ടികളുണ്ട്.അമ്മു അവിടേക്ക് നോക്കിയിരുന്നു.അപ്പോൾ ബസ്സിൻെറ പുറക് വശത്ത് നിന്ന് ഒരു കുട്ടി കരയുന്നുണ്ടായിരുന്നു. എന്തിനാണ് മോൻ കരയുന്നത്? മോൻ ഒററയ്ക്കാണോ ബസ്സിൽ കയറിയത്?അപ്പോൾ അമ്മുവിൻെറ അച്ഛൻ
ബസ്സിലെ ആളോട് പറഞ്ഞു ഒരു കുട്ടി.... ഒരു കുട്ടി..ബസ്സ് നിർത്ത്... ബസ്സ് നിർത്ത്
അമ്മു ആ കുട്ടിയെ തൻെറ അമ്മയുടെ അടുത്തിരുത്തി എന്നിട്ട് അമ്മു അചഛനോട് പറഞ്ഞു നമ്മുക്ക് പോലീസിനെ അറിയിക്കാം
എന്നിട്ട് അമ്മു ആ കുട്ടിയെ സമാധാനിപ്പിച്ചു.പിന്നെ ബസ്സിലുണ്ടായിരുന്ന എല്ലാവരും കൂടി ആ കുട്ടിക്ക് വീട്ടിൽ പോകാൻ വഴി കണ്ടെത്തി കൊടുത്തു.അമ്മുവും അച്ഛനും അമ്മയും കൂടി ആ കുട്ടിയെ വീട്ടിൽ കൊണ്ടാക്കി.അപ്പോൾ കുട്ടിക്ക് സന്തോഷമായി.
പിറേറന്ന് അമ്മുവിൻെറ അമ്മ വാതിൽ തുറന്നപ്പോൾ,ബസ്സിൽ വച്ച് കണ്ട കുട്ടിയും അച്ഛനും അമ്മയും വീടിൻെറ മുൻപിൽ നില്ക്കുന്നു.കുട്ടിയുടെ കൈയ്യിൽ കുറെ പാവക്കുട്ടികളുണ്ടായിരുന്നു.അമ്മു ചോദിച്ചു

ആർക്കാ ഇതയും പാവക്കുട്ടികൾ കുട്ടി പറഞ്ഞു അമ്മു ചേച്ചിക്കാണ്.അമ്മു ചേച്ചി ബസ്സിലിരുന്ന് പാവ കുട്ടികളെ നോക്കുന്നത് ഞാൻ കണ്ടു, അതു കൊണ്ടാണ്,അമ്മുവിന് സന്തോഷമായി.കളിപ്പാട്ടം ഇല്ലാത്ത
കുട്ടികൾക്ക് അമ്മു പാവക്കുട്ടികൾ കൊടുത്തു.അങ്ങനെ അമ്മുക്കുട്ടിയും  പാവക്കുട്ടിയും കൂട്ടുകാരോടൊത്ത്കുറെ നാൾ കളിച്ചു.

അഭിനേഷ്

8A

# My friends



Oh!what joy it is
To have friends like you
For giving me strength
The way you do.
For lifting me up when
I am feeling down
And putting a smile on
my face
When i am afraid.
Thanks for being there
And helping me grow
Your friendship means a lot
*This is what i would like you to know.*

Shahana sherin
9A

# റോസാപ്പൂവ്



ശലഭങ്ങൾ പൂന്തോട്ടത്തിൽ
തുള്ളിച്ചാടി നടക്കുന്നു
വണ്ടുളതാ മൂളിക്കൊണ്ട്
റോസാപ്പൂവിലിരിക്കുന്നു

റോസാപ്പൂവ് പറിക്കാൻ വേണ്ടി
മീനുക്കുട്ടിയതോടുന്നു
മീനുക്കുട്ടി പൂന്തോട്ടത്തിൽ
പൂമ്പാറ്റകളെ കാണുന്നു
എൻെറ വീട്ടിൽ വരുമോ നീ

മീനുക്കുട്ടി ചോദിച്ചു
ഇല്ല വരില്ല മീനുക്കുട്ടി
എൻെറയമ്മ വിഷമിക്കും
നീയും പോകൂ നിന്നുടെ വീട്ടിൽ
നിൻെറയമ്മ വിഷമിക്കും.

**അഖ്മൽ. എ**
***8B***

# THE RABBIT AND THE TORTOISE

Once upon a time, there lived a rabbit.He was very proud of himself.I am so quick to react and so fast to run.None can match me,he mocked at other animals of the jungle.

One day,the rabbit was wandering outside his borrow.He saw a tortoise slowly tottering away.Hey their, lazy fellow!What a slow pace you have!And what's that load on your back? Asked the rabbit.That's my shell.It protects me from danger,said the tortoise,politely.Hah,you can only crawl on the ground.See hoe shift I am.Can you match your speed with me? Mocked the rabbit.Now the tortoise thought,This rabbit is acting too smart.I must teach im a lesson.So he raised his voice and saide,Alright,Mr.Rabbit!Come, let us take up a rise!

Hearing this, the rabbit rolled into peels of laughter. Hehehe... RACE? Are you sure?? he asked. Yes, a race between you and me, the tortoise said.Anytime...Mr.Tortoise! The rabbit agreed. Be ,readyng,We shall meet here.Let the fox be the judge,said the tortoise.

The next day, the tortoise and the rabbit got set for the race.Many animals assembled to watch them.The fox marked the startting point and said, The participants will have to take a round through the jungle and come back to the starting point. Then he blew the whistile... and the race started.

The swift rabbit took off.And in just a few minutes, he had taken a round of the jungle. Now in one gallop I shall winbThat tortoise is nowhere to be seen .Let me take a nap! He thought and lay asleepunder a tree.In a while, taking heavy steps the tortoise came there.He slowely crossed the sleeping rabbit.

And the tortoise won the race. He nodded to the spectators cheering at him. The noise woke up the rabbit.He hurried to the scene, only to be desappointed. He had got a lesson that not speed but steadiness wins the race.From that day, the rabbit gave up his false pride and never again mocked at anyone

By

FIDHA FATHIMA K.K

9th B

# മഴയുടെ താളം



ടപ് ടപ് ടപ് മഴ പെയ്യുന്നു
തുള്ളി തുള്ളി പെയ്യുന്നു
ഇടിയും മിന്നലും വന്നല്ലോ
കാറ്റും മഴയും വന്നല്ലോ

മഴയിൽ പാട്ടുകൾ പാടിഞാൻ
മഴയിൽ തോണികൾ ഉണ്ടാക്കി
മഴയിൽ കുടകൾ ചൂടി ഞാൻ
മഴയിൽ ഓടികളിച്ചു ഞാൻ
കാറ്റിൽ ഇലകൾ പാറുന്നു
ഹായ്...ഹായ്..എന്തുരസം

ദിൻഷ
2B

# അതേ പ്രാർഥന

വസന്തത്തോടർത്തിച്ചതു വെറുതെയായില്ല, തേന്മാ -

വടിമുടി പൂൻകുലകളണിഞ്ഞു നിന്നു.

ഒരു പൂവും കൊഴിയാതെയുണ്ണികൾ വിരിഞ്ഞു, പിന്നീ

ടൊരുണ്ണിയും പിഴയ്ക്കാതെ വളർന്നുവന്നു.

സമൃദ്ധി മുറ്റിടുംതോറും കുനിയുകെന്നറിവുറ്റ-

രനധ്യായം പഠിപ്പിച്ചതതിനെച്ചൂണ്ടി.

വേനൽ ചുഴന്നൂതിയൂതിയതിൻ നിക്ഷേപമോരോന്നും

മാണിക്യരത്നങ്ങളാകാൻ മൂതിർന്നേയുള്ളൂ

ആയിരമണ്ണാർക്കണ്ണന്മാർ പാഞ്ഞുകേറീ കൊമ്പുകളി-

ലായിരം കാക്കകളതിൽപ്പറന്നു വീണു.

ആയിരം കൊച്ചെടികളത്തണൽ വിരിയിൽപ്പതിഞ്ഞൂ

മായികനഗരം പോലത്തോപ്പു ചമഞ്ഞൂ.

അയൽപ്പാതവക്കത്തന്നു വഴിപ്പണിക്കടച്ചിട്ടോ-

രുരുളൻകല്ലുകൾക്കൊക്കെച്ചിറകും വന്നു . . . .

**അമീൻ നിയാസ്**

***10B***

# ആകാശത്തിന്റെ നീലിമയിൽ

എന്തുകൊണ്ടാണെന്ന് എനിക്കറിയില്ല. എങ്ങനെയാണെന്നുമറിയില്ല. ഞാൻ എണീറ്റപ്പോൾ പുറത്ത് രണ്ട് ചിറകുകൾ . എന്താണേലും അതുവച്ച് പറക്കാൻ നല്ല രസമാ ... ഞാൻ ജനലു വഴി പുറത്തേക്കു പറന്നു . പല തരം പക്ഷികളും മേഘങ്ങളും . ഹായ് ഒരു കൂട്ടം പരുന്തു കുഞ്ഞുങ്ങൾ .അടുത്തേക്ക് പോകണോ? വേണ്ട തള്ളയുണ്ടെങ്കിലോ ? പോകണ്ട ദൂരെ നിന്ന് കാണാം

അയ്യോ എന്താണൊരു ശബ്ദം ? അത് പുറകിൽ നിന്നാണല്ലോ . ട്രീംം.. ട്രീംം... മോനേ എണീക്ക് സ്കൂളിൽ പോണ്ടേ . ശ്ശേ സ്വപ്നമായിരുന്നോ എന്തായാലും നല്ല സ്വപ്നമായിരുന്നു..

HANEENA P.T


***IX A***

## പ്രകൃതി


പുത്തൻ പ്രഭാതത്തിൽ പതിവിലും നേരത്തെ
പുതുമഞ്ഞുതുള്ളി നീയൊന്നുണർന്നു.
പച്ചിലക്കരികിലും പുൽപ്പടർപ്പൊന്നിലും
പൂവിലും പറ്റിപ്പിടിച്ചിരിക്കുന്നു
പുല്ലുകളെല്ലാമോ വെള്ളിക്കിരീടവും
നിൽപ്പു കണ്ടാലൊന്നണിഞ്ഞിരുന്നു
പൂമൊട്ടിനെ പുൽകി നിദ്രയുണർത്തുവാൻ
പാവനമാം നീയൊരുങ്ങിനിന്നു
പാരിൻെറ നാഥനിങ്ങെത്തുന്ന നേരത്ത്
മാരിവില്ലാൻ വർണ്ണമൊന്നണിഞ്ഞു
നാലുപുറമെങ്ങ് നോക്കിലും കാണുന്നു
നീഹാരമേ നിൻെറ മായാജാലം
വെക്കം മറയുന്നതെങ്ങു നീ ചൊല്ലുക
യിത്ര തിടുക്കത്തിൽ കാരണവും
സുപ്രഭാതത്തിൻെറ സോദരീ നീയല്ലോ
**യി പ്രപഞ്ചത്തിൻെറ സൗന്ദര്യവും**














# നന്ദി

2019-20 വർഷത്തെ ലിറ്റിൽകൈറ്റ്സ് ഐ.ടി കൂട്ടായ്മയുടെ ഡിജിറ്റൽ മാഗസിനിലേക്ക് തങ്ങളുടെ സർഗാത്മക സൃഷ്ടികൾ നൽകി സഹകരിച്ച എല്ലാ സുഹൃത്തുക്കൾക്കും, അധ്യാപകർക്കും ഒരായിരം നന്ദി അർപ്പിച്ച് കൊള്ളുന്നു.

എഡിറ്റോറിയൽ ബോർഡ്